# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## ചോദ്യോത്തരങ്ങള്‍ - സംഗ്രഹം

## 2012 ജൂണ്‍ 20, ബുധന്‍

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കര്‍ ശ്രീ. ജി. കാര്‍ത്തികേയന്റെ അദ്ധ്യക്ഷതയില്‍ നിയമസഭാ ഹാളില്‍ യോഗം ചേര്‍ന്നു.

### വാങ്മൂലം നല്‍കിയ ഉത്തരങ്ങള്‍

22 (*211) ഡെങ്കിപ്പനി ബാധിതര്‍

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്. ശിവകുമാര്‍) നല്‍കിയ മറുപടിയില്‍, തലസ്ഥാന നഗരിയില്‍ ഡെങ്കിപ്പനി നിയന്ത്രിക്കുന്നതിനും വ്യാപനം തടയുന്നതിനും കൊതുക്-കൂത്താടി നശീകരണവും രോഗനിയന്ത്രണ/ബോധവത്കരണ പ്രവര്‍ത്തനങ്ങളും വിവിധ വകുപ്പുകളുടെ സഹായത്തോടെ നടപ്പിലാക്കിവരുന്നുണ്ടെന്നും പ്രത്യേകവാര്‍ഡുകള്‍ സജ്ജമാക്കി ചികിത്സയ്ക്കാവശ്യമായ മരുന്നുകള്‍, ടെസ്റ്റ് കിറ്റുകള്‍, രോഗികള്‍ക്ക് കൊതുകുവല എന്നിവ ലഭ്യമാക്കുന്നുണ്ടെന്നും സഭയെ അറിയിച്ചു. ഡെങ്കിപ്പനിയും എലിപ്പനിയും വൈറല്‍പ്പനിയും ഫലപ്രദമായി നിയന്ത്രിക്കുന്നതിനും പ്രതിരോധിക്കുന്നതിനുമുള്ള എല്ലാ പ്രവര്‍ത്തനങ്ങളും ഊര്‍ജ്ജിതമായി നടന്നുവരികയാണ്. സംസ്ഥാനത്ത് ജനുവരി 1 മുതല്‍ ജൂണ്‍ 15 വരെ ആകെ 961 പേര്‍ക്ക് ഡെങ്കിപ്പനി ബാധിച്ചിട്ടുണ്ട്. വിവിധ ആരോഗ്യ സ്ഥാപനങ്ങളില്‍ നിന്നും

പനിബാധിതരുടെ കണക്കുകൾ ശേഖരിക്കുന്നതോടൊപ്പം സ്വകാര്യ ആശുപത്രികളിൽ ചികിത്സയ്ക്കെത്തുന്നവരുടെ കണക്കെടുക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. തിരുവനന്തപുരം കോർപ്പറേഷൻ പരിധിയിൽപ്പെട്ട മൂന്ന് മേജർ ആശുപത്രികളിലും പനി നിയന്ത്രണ പ്രവർത്തനങ്ങൾക്കായി 55 സ്റ്റാഫ് നഴ്സുമാരെ നിയമിക്കുകയും ഒ.പി. സമയം ദീർഘിപ്പിക്കുകയും ജില്ലയിൽ മൂന്ന് മൊബൈൽ പനി ക്ലിനിക്കുകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. തിരുവനന്തപുരം ജനറൽ ആശുപത്രി, ജില്ലാ മാതൃക ആശുപത്രി പേരൂർക്കട, ഫോർട്ട് ആശുപത്രി, നേമം സാമൂഹ്യാരോഗ്യ കേന്ദ്രം എന്നിവിടങ്ങളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ലാബുകൾ തുടങ്ങുകയും താലൂക്ക് ആശുപത്രികളിലെ ലാബുകളുടെ പ്രവർത്തന സമയം രാത്രി 8 മണിവരെ ദീർഘിപ്പിക്കുകയും ചെയ്തിട്ടുണ്ട്. പനി ബാധിതർക്ക് അടിയന്തിര ചികിത്സ ലഭ്യമാക്കുന്നതിന് മെഡിക്കൽ കോളേജ് ആശുപത്രിയിൽ വിദഗ്ദ്ധ ഡോക്ടർമാരുടെ ടീമിനെ സജ്ജമാക്കുകയും മരുന്നുകൾ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. നിലവിലുള്ള പ്രത്യേക സാഹചര്യം കണക്കിലെടുത്ത് കൂടുതൽ നഴ്സുമാരുടേയും ലാബ് ടെക്നീഷ്യൻമാരുടേയും സേവനം ഏർപ്പെടുത്താനും നിർദ്ദേശം നൽകിയിട്ടുണ്ട്. ഭാരതീയ ചികിത്സാ വകുപ്പിന്റെ കീഴിൽ തിരുവനന്തപുരം ജില്ലയിൽ പ്രവർത്തിക്കുന്ന ആയുർവേദ സ്ഥാപനങ്ങളിലെ മെഡിക്കൽ ഓഫീസർമാരുടെ നേതൃത്വത്തിൽ അഞ്ച് ടാസ്ക് ഫോഴ്സ് യൂണിറ്റുകൾ രൂപീകരിച്ച് ശുചീകരണ പ്രവർത്തനങ്ങളും ബോധവൽക്കരണ ക്ലാസ്സുകളും മെഡിക്കൽ ക്യാമ്പുകളും സംഘടിപ്പിച്ചുവരുന്നുണ്ട്. ഹോമിയോപ്പതി വകുപ്പ് മെഡിക്കൽ ക്യാമ്പുകളും ബോധവൽക്കരണ ക്ലാസ്സുകളും നടത്തുന്നതിനും പ്രതിരോധ

മരുന്ന് വിതരണം ചെയ്യുന്നത് സംബന്ധിച്ച് പത്രമാധ്യമങ്ങളിലൂടെ ജനങ്ങളെ അറിയിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ഡോക്ടർമാർ ഉൾപ്പെടെ യുള്ള 1902 ജീവനക്കാരെ ആറുമാസത്തേയ്ക്ക് നിയമിക്കാൻ ക്യാബിനറ്റ് തീരുമാനിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ 225 പേരെക്കൂടി കൂടുത ലായി നിയമിക്കുന്നതും സർക്കാരിന്റെ ഒന്നാം വാർഷികത്തിന്റെ ഭാഗമായി 250 ഡോക്ടർമാരെയും 650 സ്റ്റാഫ് നഴ്സുമാരെയും നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതുമാണ്. ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ഒരു യൂണിറ്റ് രൂപീകരിച്ച് സർക്കാർ ആശുപത്രികളിലെ മരുന്നിന്റെ ലഭ്യത സംബന്ധിച്ച് ഓരോ ദിവസവും അവലോകനം നടത്തുന്നുണ്ട്. മരുന്നു കമ്പ നികൾ അമിത വില ഈടാക്കുന്ന കാര്യം കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധ യിൽപ്പെടുത്തുന്നതാണ്. കോമ്പിനേഷൻ ഡ്രഗ്ഗുകളുടെ വില്പന തടയുന്ന തിന് ഡ്രഗ്സ് കൺട്രോളർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കുറഞ്ഞ വിലയ്ക്ക് മരുന്നുകൾ ലഭ്യമാക്കുന്നതിനായി 35 കാരുണ്യ മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കാൻ തീരുമാനിക്കുകയും 2 എണ്ണത്തിന്റെ പ്രവർത്തനം ആരംഭി ക്കുകയും ബാക്കിയുള്ളവ ഉടനെ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുന്ന തുമാണ്. ഓരോ നിയോജകമണ്ഡലത്തിലേയും ആരോഗ്യ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനായി എം.എൽ.എ.-മാരുടെ നേതൃത്വത്തിൽ വകുപ്പുതല ഉദ്യോഗസ്ഥരുടെ യോഗം വിളിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. തീരപ്ര ദേശങ്ങളിലെ രോഗപ്പകർച്ച തടയുന്നതിനായി ആരോഗ്യ/തദ്ദേശസ്വയംഭരണ വകുപ്പുകൾ സംയുക്തമായി നടപടി സ്വീകരിക്കുന്നുണ്ട്. കാസർഗോഡ് ജില്ലയിൽ നിയോഗിക്കപ്പെടുന്ന ഡോക്ടർമാർക്ക് 20,000 രൂപ അധിക വേതനം നൽകാൻ തീരുമാനിച്ചിട്ടുണ്ട്. മാലിന്യനിർമ്മാർജ്ജനം തടസ്സപ്പെ

ട്ടതും അയൽസംസ്ഥാനമായ തമിഴ്നാട്ടിലെ അതിർത്തി ജില്ലകളിൽ പടർന്നു പിടിച്ച ഡെങ്കിപ്പനിയും മറ്റ് ജില്ലകളെ അപേക്ഷിച്ച് തിരുവനന്തപുരം ജില്ലയിൽ പകർച്ചപ്പനി കൂടുതലായി പടർന്നുപിടിക്കാൻ കാരണമായിട്ടുണ്ടെന്നും കൊതുകുകളുടെ ഉറവിട നശീകരണം, ഫോഗിംഗ്, സ്പ്രേയിംഗ് തുടങ്ങിയവ നടന്നുവരുന്നുണ്ടെന്നും കൂടുതൽ ഫോഗിംഗ്, സ്പ്രേയിംഗ് മെഷീനുകൾ വാങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. ശുചീകരണ/പ്രതിരോധ പ്രവർത്തനങ്ങൾക്കായി 25,000 രൂപ ഓരോ വാർഡിലും നൽകാൻ തീരുമാനിച്ചിട്ടുണ്ടെന്നും ശുചീകരണ പ്രതിരോധ പ്രവർത്തനങ്ങൾ എല്ലാ കാലഘട്ടത്തിലും ഏറ്റെടുത്ത് നടപ്പാക്കുന്നതിനെക്കുറിച്ചും പ്രൈമറി ഹെൽത്ത് സെന്ററുകളില്ലാത്ത സ്ഥലങ്ങളിൽ അവ ആരംഭിക്കുന്നതിനെക്കുറിച്ചും ആലോചിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി. മരുന്നു കമ്പനികൾ മരുന്നുവില ക്രമാതീതമായി വർദ്ധിപ്പിക്കുന്ന സാഹചര്യത്തിൽ ഗവൺമെന്റ് ആശുപത്രിയിൽ ചികിത്സയ്ക്കെത്തുന്ന എല്ലാ രോഗികൾക്കും ജനറിക് മരുന്നുകൾ സൗജന്യമായി നൽകാൻ തീരുമാനിച്ചിട്ടുണ്ടെന്നും ഇതിനായി ബിവറേജസ് ഉല്പന്നങ്ങൾക്ക് 1% സെസ്സ് ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടെന്നും ഇതിന്റെ ബാദ്ധ്യത കേന്ദ്രസർക്കാർ വഹിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടെന്നും ഉപചോദ്യത്തിലിടപെട്ടുകൊണ്ട് മുഖ്യമന്ത്രി അറിയിച്ചു.

23(*212) <u>പട്ടികവർഗ്ഗക്കാർക്ക് പുതുതായി തൊഴിൽ സാഹചര്യങ്ങൾ</u>

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (കുമാരി പി. കെ. ജയലക്ഷ്മി) നൽകിയ മറുപടിയിൽ, സംസ്ഥാനത്തെ പട്ടികവർഗ്ഗ ജനവിഭാഗങ്ങൾക്കായി ആവിഷ്ക്കരിച്ചു

നടപ്പാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾക്കു പുറമേ തൊഴിൽ ലഭ്യത ഉറപ്പാക്കുന്നതിനുളള നൂതന സംരംഭങ്ങൾക്കും തുടക്കം കുറിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. വകുപ്പിന്റെ കീഴിലുള്ള ട്രെയിനിംഗ് സെന്ററുകൾ നവീകരിക്കുന്നതും പട്ടികവർഗ്ഗക്കാരായ 500 യുവതികൾക്ക് ഡ്രൈവിംഗ് പരിശീലനം നൽകി സൗജന്യമായി ഓട്ടോറിക്ഷകൾ നൽകുന്നതുമാണ്. വംശീയ വൈദ്യത്തിന് പ്രചാരണം നൽകുന്നതിനും തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുന്നതിനും വിതുരയിൽ ഒരു റിസർച്ച് സെന്ററും വയനാടും പാലക്കാടും അതിന്റെ ഓരോ ശാഖകളും ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു. പി.എസ്.സി. പരീക്ഷകൾക്കും പൈലറ്റ് ട്രെയിനിംഗ്, മറൈൻ എഞ്ചിനീയറിംഗ്, ഫാഷൻ ടെക്നോളജി തുടങ്ങിയവയ്ക്കും എംപ്ലോയ്മെന്റ് ഗൈഡൻസ് സെന്ററുകൾ വഴി ഡി.സി.എ. കോഴ്സിനും ഫുഡ്ക്രാഫ്ട് സർട്ടിഫിക്കറ്റ് കോഴ്സുകൾക്കും പരിശീലനം നൽകുന്നതു കൂടാതെ ഹോട്ടൽ മാനേജ്മെന്റ് കോഴ്സുകൾക്ക് കോവളം ഇൻസ്റ്റിറ്റ്യൂട്ടിലും പരിശീലനം നൽകിവരുന്നു. പാലക്കാട് ജില്ലയിലെ അഹല്യ ആശുപത്രിയുമായി ചേർന്ന് പഞ്ചകർമ്മ ചികിത്സയ്ക്കും വയനാട് ജില്ലയിലെ 'അമൃത്' എന്ന സ്ഥാപനം വഴി പ്രിന്റിംഗ്, നോട്ട്ബുക്ക്, ബാഗ്, കുട എന്നിവയുടെ നിർമ്മാണത്തിനും പരിശീലനം നൽകിവരുന്നുണ്ടെന്നും പരിശീലനം പൂർത്തിയായ എല്ലാവർക്കും തൊഴിൽ ലഭിച്ചിട്ടുണ്ടെന്നും അട്ടപ്പാടി നെട്ടൂർ ടെക്നിക്കൽ ട്രെയിനിംഗ് ഫൗണ്ടേഷന്റെ സാങ്കേതിക സഹായത്തോടെ ഒരു കമ്മ്യൂണിറ്റി കോളേജ് ആരംഭിക്കുവാൻ നിശ്ചയിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. പട്ടികവർഗ്ഗ യുവതീ-യുവാക്കളുടെ വൈദഗ്ദ്ധ്യ വികസനത്തിനായി ടൂറിസം ആന്റ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് പോലുളള നവീന തൊഴിൽ മേഖലകളിൽ

പരിശീലനം നൽകുക, പാരാമെഡിക്കൽ/പോളിടെക്നിക് കോഴ്സുകളിൽ കൂടുതൽ പേരെ പരിശീലിപ്പിക്കുക, ആധുനിക രീതിയിലുള്ള അപ്പാരൽ മാനുഫാക്ചറിംഗ് കോഴ്സുകളിലും കമ്പ്യൂട്ടർ/ഫയർ ആന്റ് സേഫ്റ്റി/ഹോട്ടൽ മാനേജ്മെന്റ് കോഴ്സുകളിലും പരിശീലനം നൽകുക, ഓഫീസ് മാനേജ്മെന്റ് ട്രെയിനിംഗ് നൽകുക, ചെറുകിട വ്യവസായ സംരംഭ ങ്ങളിൽ കൂടുതൽ അവസരം ഉറപ്പുവരുത്തുക തുടങ്ങിയവയും നടപ്പാക്കുന്ന താണ്. പട്ടികവർഗ്ഗക്കാർക്കുവേണ്ടി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളുടെ പ്രയോജനം അർഹതപ്പെട്ടവർക്ക് ലഭ്യമാകുന്നുണ്ടോയെന്ന് പരിശോധിക്കു ന്നതിനായി മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനെക്കുറിച്ച് ആലോചിച്ചുവരികയാണെന്നും വനം വകുപ്പുമായി ആലോചിച്ച് 8 റിസർവോയറുകളിൽമത്സ്യബന്ധനം നടത്തുന്നതിന് അനുമതി നൽകുകയും 5 വള്ളവും വലയും വീതം പട്ടികവർഗ്ഗ വികസന വകുപ്പ് നൽകു ന്നുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

24 (*213) <u>ജലാശയങ്ങളെ മാലിന്യവിമുക്തമാക്കുന്നതിനുള്ള പദ്ധതി</u>

ജലവിഭവ വകുപ്പുമന്ത്രി ശ്രീ. പി. ജെ. ജോസഫ്) നൽകിയ മറുപ ടിയിൽ, കരമനയാർ, കല്ലടയാർ, അച്ചൻകോവിലാർ, പമ്പ, മൂവാറ്റുപുഴ, പെരിയാർ, ചാലക്കുടിയാർ, ഭാരതപ്പുഴ, ചാലിയാർ, വളപട്ടണം എന്നീ നദികൾ മാലിന്യ മുക്തമാക്കുന്നതിന് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് തയ്യാറാക്കി സമർപ്പിച്ച 2567 കോടി രൂപയുടെ കർമ്മ പദ്ധതിയിൽ 320 കോടി രൂപയുടെ പമ്പാ ആക്ഷൻ പ്ലാൻ കേന്ദ്ര സർക്കാർ അംഗീകരിച്ച് ഒന്നാംഘട്ട പദ്ധതിക്കായി അനുവദിച്ച 18.45 കോടി രൂപയിൽ 7.868 കോടി രൂപ ചെലവഴിച്ചുവെന്ന് സഭയെ അറിയിച്ചു. സന്നിധാനത്തും പമ്പയിലും

യഥാക്രമം 5MLD, 1.5 MLD സ്വീവേജ് പ്ലാന്റുകളുടെ പണി കേരള വാട്ടർ അതോറിറ്റിയുടെ മേൽനോട്ടത്തിൽ നടത്താനുള്ള പ്രാരംഭ നടപടികൾ നടന്നുവരുന്നു. കരമനയാർ, കിള്ളിയാർ, പമ്പ (രണ്ടാം ഘട്ടം) എന്നീ നദികളെ കേന്ദ്ര സഹായത്തോടെ മാലിന്യവിമുക്തമാക്കാൻ കേന്ദ്ര പരിസ്ഥിതി-വനം വകുപ്പ് നാഷണൽ റിവർ കൺസർവേഷൻ ഡയറക്ടറേറ്റ് വഴി സമർപ്പിച്ച പദ്ധതികൾക്ക് അനുമതി ലഭിച്ചിട്ടില്ലെന്നും അംഗീകാരം ലഭിക്കാത്ത പദ്ധതികളുടെ കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും മന്ത്രി അറിയിച്ചു. മലങ്കര ജലാശയത്തിലെ പായലുകൾ നീക്കം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ഹോട്ടലുകളിലേയും ആശുപത്രികളിലേയും ഡ്രെയിനേജുകൾ ജലാശയങ്ങളിലേയ്ക്ക് തുറന്നുവിടുന്നതിനെതിരെ പോലീസ്/റവന്യൂ/തദ്ദേശസ്വയംഭരണ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് ശക്തമായ നടപടികൾ സ്വീകരിക്കുന്നതിനെക്കുറിച്ച് ആലോചിക്കാവുന്നതാണെന്ന് ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി 214 മുതൽ 240 വരെയുള്ള ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 2167 മുതൽ 2528 വരെയുള്ള ചോദ്യങ്ങളിൽ 155 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)